കടത്തിൽപ്പെട്ടവർ വളരെ പാവപ്പെട്ടവരാണ്; പട്ടികജാതിക്കാരാണ്. ഇതൊക്കെ വസ്തുതയാണ്. പല പ്രദേശങ്ങളിലുള്ളവരാണ്. അവർ ആശുപത്രിയിൽ കിടക്കുകയും ചികിത്സയിലായിരിക്കുകയും ചെയ്യുന്ന സമയത്തെ ആ കുടുംബങ്ങളെ സംരക്ഷിക്കാൻ എന്ത് ചെയ്യേണ്ടിവരുമെന്നുള്ളതിനെ സംബന്ധിച്ച് പരിശോധിച്ച് അടിയന്തിരമായി റിപ്പോർട്ടുതരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർന്ന് എന്തെങ്കിലും സഹായങ്ങൾ ചെയ്യേണ്ടതുണ്ടെങ്കിൽ തീർച്ചയായിട്ടും ഗവൺമെന്റ് അത് അനുഭാവപൂർവ്വം പരിശോധിക്കുകയും പരിഗണിക്കുകയും ചെയ്യും. ട്രാൻസ്പോർട്ട് വകുപ്പിന് ഈ കാര്യത്തിൽ എന്താണ് ചെയ്യാൻ കഴിയുകയെന്നുള്ളത് എനിക്ക് പറയാൻ കഴിയുകയില്ല. അവർ ആലോചിച്ചിട്ട് എന്തെങ്കിലും ചെയ്യാൻ സാധിക്കുമെന്നുണ്ടെങ്കിൽ തീർച്ചയായിട്ടും ട്രാൻസ്പോർട്ടു വകുപ്പും ആ കാര്യത്തിൽ പങ്കുവഹിക്കുന്നതാണ്.

10. കുന്ദംകുളം നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. എൻ.ആർ. ബാലൻ : സർ, കുന്ദംകുളം 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി സബ്സ്റ്റേഷനായി ഉയർത്തിയും അനുബന്ധമായി അനിവാര്യമായ പ്രദേശങ്ങളിൽ 33 കെ.വി. സബ്സ്റ്റേഷനുകൾ സ്ഥാപിച്ചും കുന്ദംകുളം നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി അടിയന്തിര നടപടി കൈകൊള്ളണമെന്ന് ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, കുന്ദംകുളം നിയോജകമണ്ഡലത്തിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ആർ.ഇ.സി. യുടെ സഹായത്തോടെ നടപ്പിലാക്കുന്ന 22 കെ.വി സബ്സ്റ്റേഷൻ സ്കീമിന്റെ ഭാഗമായി കുന്നംകുളം 66 കെ.വി സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്താനും കുന്ദംകുളത്തും പരിസര പ്രദേശങ്ങളിലുമായി മുള്ളൂർ, ചാവക്കാട്, കൊങ്ങാന്നൂർ, പരപ്പൂർ എന്നീ സ്ഥലങ്ങളിൽ നാല് 33 കെ.വി. സബ് സ്റ്റേഷനുകൾ സ്ഥാപിക്കാനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഈ സബ്സ്റ്റേഷനുകളുടെ നിർമ്മാണത്തിനുവേണ്ടിയുള്ള സ്ഥലമെടുത്ത് പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത സബ്സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാകുന്നതോടെ ഈ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമത്തിന് ഒരളവുവരെ പരിഹാരമുണ്ടാകുന്നതാണ്. ഇതിനു പുറമേ വിതരണ വിഭാഗത്തിൽ ഈ പ്രദേശത്ത് പതിനാറോളം വോൾട്ടേജ് ഇംപ്രൂവ്മെന്റ് ജോലികൾ അടുത്ത കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ഇനിയും 55-ഓളം പുതിയ വോൾട്ടേജ് ഇംപ്രൂവ്മെന്റ് ജോലികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ ജോലികളും ചെയ്തു തീർക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

11. നാദാപുരം മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീ. സത്യൻ മൊകേരി: സർ, വടകര വാട്ടർ ഡിവിഷന്റെ കീഴിലുള്ള നാദാപുരം മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ വടകര വാട്ടർ ഡിവിഷന്റെ കീഴിലുള്ള മൊത്തം പദ്ധതികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ വേണ്ടി നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ വളയം, വാണിമേൽ, നരിപ്പറ്റ,

LIBRARY ARCHIVES Kerala Legislative Assembly

കായക്കൊടി തുടങ്ങിയ പഞ്ചായത്തുകളിൽ പുതിയ ശുദ്ധജലവിതരണ പദ്ധതികൾ തുടങ്ങാൻ വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പൂർത്തിയായ സ്ഥലങ്ങളിൽ എത്രയും പെട്ടെന്ന് ആ പ്രവർത്തനങ്ങൾ തുടങ്ങാൻ അനുവാദം നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ ശുദ്ധജലവിതരണ പദ്ധതികൾ ഇല്ലാത്ത വളയം, നരിപ്പറ്റ പഞ്ചായത്തുകൾക്ക് പ്രത്യേക മുൻഗണന നൽകണം. ഇൻവെസ്റ്റിഗേഷൻ നടത്തിയ ആ പ്രദേശത്ത് എത്രയും പെട്ടെന്ന് പ്രവർത്തനങ്ങൾ തുടങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു. 1987 മുതൽ അവിടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വടകര ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ തൂണേരി, എടച്ചേരി, തിരുർ തുടങ്ങിയ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് എന്റെ നിയോജക മണ്ഡലത്തിലെ പദ്ധതികൾ 87-ൽ തുടങ്ങിയത് ഇതുവരെ പൂർത്തിയായിട്ടില്ല. അതുപോലെ തന്നെ കാവിലുംപാറ മേഖലയിലെ പദ്ധതി, മരുതോങ്കര മേഖലയിലെ പദ്ധതികൾ എല്ലാം തന്നെ അനിശ്ചിതമായി നീണ്ടുപോകുകയാണ്. പൈപ്പുകൾ പൊട്ടുന്നുവെന്നാണ് അതിന് കാരണം പറയുന്നത്. മരുതോങ്കര പഞ്ചായത്തിലെ പദ്ധതി സോഴ്സ് കണ്ടെത്തി ടാങ്കിന്റെയും കിണറിന്റെയും പണി പൂർത്തിയായി. പക്ഷേ വൈദ്യുതി ബോർഡിൽ അടയ്ക്കേണ്ട പണം കൊടുക്കാത്തതുകൊണ്ട് ചാർജ് ചെയ്യാൻ കഴിയുന്നില്ല. ഈ രൂപത്തിലുള്ള വളരെ ഗൗരവമായ പ്രശ്നങ്ങൾ ആ മേഖലയിൽ വന്നു ചേർന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവന്നതാണ്. നിരവധി ചർച്ചകൾ നടത്തിയിട്ടുണ്ട്. എം.എൽ.എ മാർ പങ്കെടുത്ത നിരവധി യോഗങ്ങളിൽ തീരുമാനങ്ങൾ എടുക്കും, പക്ഷേ നടപ്പിലാക്കുകയില്ല. അടിയന്തിരമായി മന്ത്രി ഇടപെട്ട് സമയബന്ധിതമായി ഈ പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള): സർ, നാദാപുരം മണ്ഡലത്തിലെ 8 വില്ലേജുകളിൽ ശുദ്ധജലം ലഭിക്കാനാണ് കുറ്റ്യാടിപ്പുഴ സ്രോതസ്സായി കുന്നുമ്മലും പരിസര പ്രദേശത്തും പ്രയോജനപ്പെടുന്ന സമഗ്രമായ ഒരു ശുദ്ധജലവിതരണ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. അതിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. ആ സമഗ്രപദ്ധതിയുടെ ആദ്യത്തെ മൂന്നു ഘട്ടങ്ങൾ എൽ.ഐ.സി. യുടെ വായ്പാ സഹായത്തോടെ കുന്നുമ്മൽ, കുറ്റ്യാടി, നാദാപുരം എന്നീ വില്ലേജുകൾക്കുവേണ്ടിയും ബാക്കി 5 ഘട്ടങ്ങൾ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പരിപാടിയിൽ കായക്കൊടി, തൂണേരി, നരിപ്പറ്റ, വളയം, വാണിമേൽ എന്നീ വില്ലേജുകൾക്കുവേണ്ടിയുമാണ് തയ്യാറാക്കിയിട്ടുള്ളത്. കുന്നുമ്മൽ, കുറ്റ്യാടി, നാദാപുരം എന്നീ പദ്ധതികൾക്ക് എൽ.ഐ.സി. യുടെ ധനസഹായം ലഭ്യമായിട്ടുണ്ട്. ത്വരിത ഗ്രാമീണ പദ്ധതികളുടെ നോംസ് അനുസരിച്ച് തയ്യാറാക്കിയ 5 പദ്ധതികളും 21.8.98-ൽ കൂടിയ എ.ആർ.പി. സാംഗ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനു സമർപ്പിക്കുകയുണ്ടായി. എന്നാൽ തൂണേരി വില്ലേജുൾപ്പെടുന്ന അഞ്ചാം പദ്ധതിക്കു മാത്രമേ ഇപ്പോൾ അംഗീകാരം കിട്ടിയിട്ടുള്ളൂ. 150 ലക്ഷം രൂപ മതിപ്പു ചെലവു പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതി മുഖേന 20,000-ത്തിൽ ചിലാനം ആളുകൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. ഇനി അംഗീകാരം ലഭിക്കാനുള്ള 4 ഘട്ടങ്ങളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് അടുത്ത എ.ആർ.പി സാംഗ്ഷനിംഗ് കമ്മിറ്റിക്ക് വീണ്ടും സമർപ്പിച്ച് അംഗീകാരം നേടാൻ ശ്രമിക്കുന്നതാണ്. തിനൂർ, വിലങ്ങാട് വില്ലേജുകൾക്കുവേണ്ടി വാണിമേൽപ്പുഴ സ്രോതസ്സായി പരിഗണിച്ചുകൊണ്ട് ഒരു പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി സർവ്വേ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത പദ്ധതിക്ക് എ.ആർ.പി. യുടെ നോംസ് അനുസരിച്ച് ധനസഹായം ലഭ്യമാകില്ല. അതിനാൽ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി മറ്റേതെങ്കിലും ഏജൻസികളുടെ ധനസഹായത്തിനായി സമർപ്പിക്കുന്നതിന് അടുത്ത വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തുന്നതാണ്. എടച്ചേരി ശുദ്ധജലവിതരണ പദ്ധതി തിരുവള്ളൂർ, ആഴഞ്ചേരി, കോട്ടപ്പള്ളി എന്നീ വില്ലേജുകൾക്കായുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ സബ്പ്രോജക്ടാണ്. 48 കിലോമീറ്റർ നീളത്തിലുള്ള വിതരണ ശൃംഖലകളിൽ സ്ഥാപിക്കുന്ന 111 ടാപ്പുകളിലൂടെ ശുദ്ധജല വിതരണം ചെയ്യാനാണുദ്ദേശിക്കുന്നത്. പഞ്ചായത്തുകൾ ആവശ്യപ്പെട്ട പൊതുടാപ്പുകൾ സ്ഥാപിക്കുന്ന പണിയടക്കം ഈ പദ്ധതിയുടെ എല്ലാ ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. മെയിൻ സ്കീമിൽ നിന്നും എടച്ചേരിയിലെ തലായിയിൽ നിർമ്മിച്ചിട്ടുള്ള സമ്പ് വരെ വെള്ളം എത്തിച്ചിട്ടുണ്ട്. കമ്മീഷൻ ചെയ്യുവാനുള്ള പണികൾ ധൃതഗതിയിൽ നടന്നു വരുന്നു. ഓഞ്ചിയം, പോറോട്ട്, എറാമല, തൂണേരി, നാദാപുരം എന്നീ വില്ലേജുകൾക്കായി നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതിയുടെ പ്രയോജനപരിധിയിൽപ്പെടുന്ന പഞ്ചായത്തുകളാണ് തൂണേരിയും നാദാപുരവും. തൂണേരി പഞ്ചായത്തിലെ 22,200 പേർക്ക് 38.5 കി.മീ. നീളത്തിൽ സ്ഥാപിച്ചിട്ടുള്ള വിതരണ ശൃംഖലയിലൂടെ 90 പൊതുടാപ്പുകൾ വഴി ശുദ്ധജലം വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള പൊതുടാപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയടക്കം എല്ലാ ജോലികളും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി കമ്മീഷൻ ചെയ്യുന്നതിന്റെ ഭാഗമായി തൂണേരിയിൽ നിർമ്മിച്ചിട്ടുള്ള സമ്പിലേക്ക് വെള്ളം എത്തിക്കാനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. നാദാപുരം പഞ്ചായത്തിലെ 42 കി.മീ. നീളത്തിൽ സ്ഥാപിച്ചിട്ടുള്ള വിതരണം-ശൃംഖല വഴി 140 പൊതുടാപ്പുകളിലൂടെ ശുദ്ധജലം വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള പൊതുടാപ്പുകൾ സ്ഥാപിക്കുന്നതടക്കം എല്ലാ ജോലികളും പൂർത്തീകരിച്ച് പദ്ധതി ഇതിനോടകം ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. മരുതോങ്കര പഞ്ചായത്തിലെ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി 1989-ലാണ് ആരംഭിച്ചത്. ഈ പദ്ധതിയുടെ പശുക്കടവ് മേഖല നേരത്തെ കമ്മീഷൻ ചെയ്തിട്ടുണ്ട്. മുള്ളൻകുന്ന് മേഖലയ്ക്കുവേണ്ടിയുള്ള അഡീഷണൽ സ്രോതസ്സിന്റെ പണിയും പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജാനകിക്കാട് എന്ന സ്ഥലത്ത് നിർമ്മിച്ച പമ്പ്ഹൗസിൽ വൈദ്യുതി കണക്ഷൻ ലഭിക്കേണ്ടതുണ്ട്. ഇതിലേയ്ക്കായി 12.95 ലക്ഷം രൂപ വൈദ്യുതി ബോർഡിന് അടച്ച് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയാൽ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യുവാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു. പണികൾ നടന്നുവരുന്ന പദ്ധതികളിലെ പൈപ്പുലൈനിലുണ്ടായ പൊട്ടലുകൾ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. അത് ഘട്ടം ഘട്ടമായി മാറ്റാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

12. ത്രിതല പഞ്ചായത്തുൾ വഴി ജനകീയാസൂത്രണ പദ്ധതികൾക്ക് അനുവദിച്ച തുക വിനിയോഗിക്കാൻ കഴിയാത്തതു സംബന്ധിച്ച്

ശ്രീ. പി.പി. തങ്കച്ചൻ: സർ, ജനകീയാസൂത്രണ പരിപാടി അനുസരിച്ച് അതിന്റെ നടത്തിപ്പിനെ സംബന്ധിച്ചുള്ള ചില പോരായ്മകളും വീഴ്ചകളും ചൂണ്ടിക്കാണിക്കാനാണ് ഈ സബ്മിഷനിൽ കൂടി ശ്രമിക്കുന്നത്. 1998-99 വർഷം 950 കോടി രൂപയാണ് ഈ ത്രിതല സംവിധാനം വഴി ജനകീയാസൂ

LIBRARY ARCHIVES Kerala Legislative Assembly